# നീര: തീരുമാനം അടുത്ത മന്ത്രിസഭാ യോഗത്തിൽ: മന്ത്രി കെ. ബാബു

ആലപ്പുഴ: നീര ഉത്പാദനം സംബന്ധിച്ച നയപരമായ തീരുമാനം അടുത്ത മന്ത്രിസഭാ യോഗത്തിലുണ്ടാകുമെന്ന് എക്സൈസ് വകുപ്പു മന്ത്രി കെ.ബാബു. ചെത്തുതൊഴിലാളികളെ ബാധിക്കാത്ത തരത്തിലാകും പദ്ധതി നടപ്പാക്കുക. എക്സൈസ് വകുപ്പിന്റെ സംസ്ഥാനത്തെ ആദ്യ മൊബൈൽ മദ്യപരിശോധനാ ലാബ് ഫ്ളാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

നീര ഉത്പാദനത്തിനായി അബ്കാരി ചട്ടങ്ങളിൽ വേണ്ട ഭേദഗതി വരുത്തും. പൂട്ടിക്കിടക്കുന്ന കള്ളുഷാപ്പുകളിലെ തൊഴിലാളികളെ നീര ഉത്പാദനത്തിനു വിനിയോഗിക്കും. ഇവരെ ലഭിക്കാതെ വന്നാൽ മാത്രം പരിശീലനം നൽകിയവരെ ഉപയോഗിക്കൂ. വ്യാജമദ്യത്തെക്കുറിച്ച് വിവരം നൽകുന്നവർക്കുള്ള പാരിതോഷികം കൂട്ടും. പിടിച്ചെടുക്കുന്ന വ്യാജമദ്യത്തിന്റെ മൂല്യത്തിന്റെ 25 ശതമാനം ഉദ്യോഗസ്ഥർക്ക് കമ്മീഷനായി നൽകുന്നുണ്ട്. നന്നായി ജോലിചെയ്യുന്ന ഉദ്യോഗസ്ഥരെ പ്രോത്സാഹിപ്പിക്കും.

പരിശോധന വേഗത്തിലാക്കി മദ്യദുരന്തങ്ങൾ ഒഴിവാക്കാൻ മൊബൈൽ മദ്യപരിശോധനാ ലാബ് ഉപകരിക്കും. മൊബൈൽ പരിശോധന ലാബിൽ മദ്യം പരിശോധിച്ച് ഉടൻ ഫലം ലഭിക്കുമെന്നതിനാൽ എക്സൈസിന് അതിവേഗത്തിൽ നടപടികളെടുക്കാനാകും.

പരിശോധനാ ഫലം വൈകുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുകയും ദുരന്തങ്ങൾ ഒഴിവാകുകയും ചെയ്യും. മലപ്പുറം മദ്യദുരന്തം അന്വേഷിച്ച ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷന്റെ ശിപാർശ പ്രകാരമാണ് മൊബൈൽ ലാബ് ആരംഭിച്ചത്.

ആദ്യഘട്ടത്തിൽ മൂന്നു മൊബൈൽ ലാബുകൾക്ക് ബജറ്റിൽ പണം നീക്കിവച്ചിട്ടുണ്ട്. 40 ലക്ഷം രൂപ ചെലവിൽ തെക്കൻ മേഖലയിൽ നിർമിച്ച ലാബാണ് പ്രവർത്തനം ആരംഭിച്ചത്. മധ്യമേഖലയ്ക്കും വടക്കൻ മേഖലയ്ക്കുമുള്ള രണ്ടു ലാബുകൾ ഈ വർഷം പ്രവർത്തനം ആരംഭിക്കും. ഓണത്തിനു മുമ്പായി ആലപ്പുഴ, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ മൊബൈൽ ലാബ് മിന്നൽ പരിശോധനകൾ നടത്തും. എക്സൈസ് ഉദ്യോഗസ്ഥർക്ക് വേഗത്തിൽ എത്താൻ സാധിക്കാത്ത ആലപ്പുഴയിലെ കായൽ പ്രദേശങ്ങളിൽ പരിശോധന നടത്താനായി പുതിയ ബോട്ട് അനുവദിച്ചു. നിർമാണം പൂർത്തീകരിച്ച് രണ്ടു മാസത്തിനുള്ളിൽ ബോട്ട് പുറത്തിറക്കും.